# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3434** **11.12.2018 ൽ മറുപടിയ്ക്ക്**

## ചക്ക ഔദ്യോഗിക ഫലമാക്കിയതിൽ പ്ലാവ് കർഷകർക്കുളള ആനുകൂല്യം

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ചക്ക സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സർക്കാർ എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) ചക്ക സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 മെയ് മാസം 19 മുതൽ 26 വരെ സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ-കേരളയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ വച്ച് സംസ്ഥാന 'ചക്ക മഹോത്സവം 2018' സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള യുടെ ആഭിമുഖ്യത്തിൽ ചക്ക മഹോത്സവ ത്തിൽ സെമിനാറുകൾക്ക് പുറമേ ചക്കയുടെ വിവിധ ഇനങ്ങൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, മേൽത്തരം നടീൽ വസ്തുക്കൾ എന്നിവയുടെ പ്രദർശന-വിപണന സ്റ്റാളുകൾ സജ്ജമാക്കി- ചക്ക മഹോത്സവത്തോടനുബന്ധിച്ച് 2018 മെയ് 24-ാം തീയതി ഒരു ഏകദിന സെമിനാറും കർഷക സംഗമവും ഈ മേഖലയ്ക്ക് വിശിഷ്ട സംഭാവന നൽകിയ മഹത് വ്യക്തികളെ ആദരിക്കുന്ന ചടങ്ങും സംഘടിപ്പിച്ചു. |
| ബി) ഇതിന്റെ ഭാഗമായി പ്ലാവ് കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം നൽകുന്നതിന് നടപടികൾ എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2018-19 വാർഷിക പദ്ധതിയിൽ 450 ഹെക്ടർ സ്ഥലത്ത് ചക്കയുടെ വിള വിസ്തൃതി വ്യാപനത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. സാധാരണ അകലം പാലിക്കുന്ന ഉത്പാദന ചെലവ് കൂടുതലല്ലാത്ത ഫലവർഗ്ഗങ്ങൾ (സൂക്ഷ്മ ജലസേചന സൗകര്യം ഇല്ലാത്തത്) എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 18000/-രൂപ ധനസഹായം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ